

# J.M.H.S SASTHAMCOTTA

# ACADEMIC MASTER PLAN 2025-26

**ആമുഖം**

വിദ്യാർത്ഥി എന്ന വാക്കിന്റെ അർത്ഥം വിദ്യയെ അർത്ഥിക്കുന്നവൻ എന്നാണ്. ഒരു കുട്ടിയെ സംബന്ധിച്ച് അവൻ അറിവ് നേടുന്നതിന്റെ ഭാഗമായാണ് വിദ്യാഭ്യാസം ചെയ്യുന്നത്. ഇത് രണ്ട് മേഖലകളായി തിരിക്കാം. സമൂഹമാധ്യമങ്ങളിൽ നിന്നും നേടുന്ന അറിവും കരിക്കുലവുമായി ബന്ധപ്പെട്ട് പാഠഭാഗങ്ങളിൽ നിന്നും ലഭിക്കുന്ന അറിവും. നേടുന്ന അറിവ് ഏത് തരത്തിലുള്ളതായാലും അത് അവനെ നന്മയിലേക്കു നയിക്കുന്ന വെളിച്ചമാകാൻ സഹായിക്കുന്ന പ്രേരകശക്തികളാണ് വിദ്യാലയവും അധ്യാപകരും. വിദ്യാലയാന്തരീക്ഷം മികവുറ്റതാകുന്നതിലൂടെ കുട്ടികളെ ഉയർന്ന നിലവാരത്തിലെത്തിക്കുക എന്നതാവട്ടെ നമ്മുടെ ലക്ഷ്യം.

**പശ്ചാത്തലം മെച്ചപ്പെടുത്തലിന്റെ ആവശ്യം**

വിദ്യാഭ്യാസം മെച്ചപ്പെടുന്നതിനും വിദ്യാർത്ഥികളും നിലവാരം ഉയർത്തുന്നതിനും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് നടപ്പാക്കിയിട്ടുള്ള എല്ലാ പദ്ധതികളെയും ഉൾക്കൊള്ളിച്ചു കൊണ്ടാണ് ഈ കാലഘട്ടത്തിൽ മുന്നോട്ട് പോകുന്നത്. ലൈബ്രറി, ലാബ്, ഐ സി റ്റി സാദ്ധ്യത എന്നിവയെല്ലാം തന്നെ സാദ്ധ്യമാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ കുട്ടികളുടെ മുന്നിൽ കാഴച വെയ്ക്കുന്നു. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി എയ്ഡഡ്, ഗവൺമെന്റ് സ്കൂളുകൾ ഒരുപോലെ പ്രയത്നിക്കുന്ന ഈ സമയത്ത് തുല്യപ്രാധാന്യം അർഹിക്കുന്ന മറ്റൊരു രംഗമാണ് അക്കാഡമികം. ഭിന്ന നിലവാരക്കാരായ കുട്ടികളെ പരിഗണിച്ചുകൊണ്ട് നൽകുന്ന പ്രവർത്തനങ്ങൾ എല്ലാ കുട്ടികളിലും എത്തുമ്പോൾ മാത്രമാണ് ലക്ഷ്യം പൂർത്തീകരിക്കപ്പെടുന്നത്. അതിനാൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും എന്നതാണ് നമ്മുടെ ലക്ഷ്യം.

**എന്റെ വിദ്യാലയം**

| | | |
|---|---|---|
| പേര് | : | ജെ എം എച്ച് എസ്, ശാസ്താംകോട്ട |
| ജില്ല | : | കൊല്ലം |
| സബ്ജില്ല | : | ശാസ്താംകോട്ട |
| വിദ്യാഭ്യാസ ജില്ല | : | കൊട്ടാരക്കര |

**ഗുണമേന്മാ വിദ്യാലയ വികസന പദ്ധതിയിൽ സാമൂഹ്യ പങ്കാളിത്വത്തോടെ നടത്താവുന്ന പ്രവർത്തനങ്ങൾ**

* പി ടി എ ശക്തിപ്പെടുത്തുക
* എം പി ടി എ ഉൾക്കൊള്ളിച്ചുള്ള പ്രവർത്തനങ്ങൾ
* ഭിന്നശേഷിയുള്ള കുട്ടികളുടെ പുരോഗതിക്കായുള്ള പ്രവർത്തനങ്ങളിൽ സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ

**പൊതുചിത്രം**

ശാസതാംകോട്ട ഭരണിക്കാവ് പ്രദേശത്ത് 1924 ൽ സ്ഥാപിതമായ ഈ വിദ്യാലയത്തിൽ ഏകദേശം 1200 വിദ്യാർത്ഥികൾ പഠനത്തിനായി എത്തുന്നു. ഹൈസ്കൂളിൽ 18 ഡിവിഷനുകളും യു പി എസ്സിൽ 13 ഡിവിഷനുകളും ചേർത്ത് ആകെ 31 ഡിവിഷനുകൾ നിലവിലുണ്ട്.

| | | |
|---|---|---|
| എച്ച്.എം | : | ശ്രീമതി. ലീന സക്കറിയ |
| എച്ച് എസ് അദ്ധ്യാപകർ | : | 30 |
| യു പി അദ്ധ്യാപകർ | : | 14 |
| ക്ലാർക്ക് | : | 1 |
| പ്യൂൺ | : | 2 |
| ക്ലാസ്സ് 4 ജീവനക്കാർ | : | 2 |

## മേഖല - ഹൈസ്കൂൾ - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
| --- | --- | --- | --- | --- |
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ<br>ചിത്രങ്ങൾ | പി.ടി.എ.<br>അധ്യാപകർ |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ.<br>അധ്യാപകർ |

# മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| | 8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>9. ദിനാചരണം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനകളും<br>13. ആസ്വാദകരമായ വായന<br>14. ഈ- വായന | | ലൈബ്രറി,<br>പുസ്തകങ്ങൾ<br>ഫോട്ടോകൾ<br>പുസ്തകങ്ങൾ | പി.ടി.എ.<br>അധ്യാപകർ |
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാ ക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2.പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖംസ സംവാദം<br>10. സാഹിത്യ – സാംസ്കാരിക ചിത്ര ഗ്യാലറി | | | |

## മേഖല - ഹൈസ്കൂൾ - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 4. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2.പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖംസ സംവാദം<br>10. സാഹിത്യ - സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ഓഡിയോ,<br>വീഡിയോ | ട്രൈയിനർ<br>അധ്യാപകർ |

**മേഖല – അക്കാദമികം** **ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം**

| നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യവാരം | B | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും, എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർദ്ധിപ്പിക്കൽ, CWSN, SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 2. | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന, ഭാഷാപോഷിണി പ്രവർത്തനങ്ങൾ, പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. CWSN, SLOW LEARNERS കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തനപാക്കേജ്. | ജൂൺ രണ്ടാം വാരം | 8,9,10 | ഹിന്ദി അധ്യാപകർ, മറ്റു ഭാഷാധ്യാപകർ | |

**മേഖല – അക്കാദമികം** **ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം**

| നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 3 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പലിശീലിപ്പിക്കുക. ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം എന്നിവയുടെ ദൈനംദിന അവതരണം | പ്രതിദിനം | 8,9,10 | ഹിന്ദി അധ്യാപകർ | |
| 4. | CWSN, SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പല വർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവസരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | 8,9,10 | ഹിന്ദി അധ്യാപകർ | |
| 5. | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക | ആഴ്ചയിൽ ഒരു പ്രാവശ്യം | 58,9,10 | ഹിന്ദി അധ്യാപകർ | |
| 6. | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക | ദിനാചരണവുമായി ബന്ധപ്പെട്ട് | 9,10 | ഹിന്ദി അധ്യാപകർ | |
| 7. | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക | ജനുവരി | 9,8, | ഹിന്ദി അധ്യാപകർ | |

**മേഖല – അക്കാദമികം** ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 8. | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | 9,10 | ഹിന്ദി അധ്യാപകർ | |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>• ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 9,10 | ഹിന്ദി അധ്യാപകർ, ക്ലാസ്സ് അധ്യാപകർ മറ്റു അധ്യാപകർ | |
| 10. | • കുട്ടികൾക്ക് മാനസികൊല്ലാസം നിലനിർത്തികൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും, ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തനപാക്കേജുകൾ | 6 മാസം | 8,9,10 | ഹിന്ദി അധ്യാപകർ, ക്ലാസ്സ് അധ്യാപകർ മറ്റു അധ്യാപകർ | |

## മേഖല - യു.പി. - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear - ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായി ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു.<br>Follow Me If you Can ! ഇംഗ്ലീഷിൻ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു<br>Breaking News - ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു.<br>Missing Man - അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപുകയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂലൈ<br>ജൂൺ<br>നവംബർ<br>ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ<br>ഇംഗ്ലീഷ് അധ്യാപകൻ<br>ഇംഗ്ലീഷ് അധ്യാപകൻ<br>ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |

## മേഖല - യു.പി. - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | Treasures Hunt - വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു.<br>Meet the Foreigner - തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയവിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു.<br>One Man Show - ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു.<br>I Too Can !! - വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ആഗസ്ത്<br>വർഷത്തിൽ ഒരു തവണ<br>ഒക്ടോബർ<br>ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ<br>ഇംഗ്ലീഷ് അധ്യാപകൻ<br>ഇംഗ്ലീഷ് അധ്യാപകൻ<br>ഇംഗ്ലീഷ് അധ്യാപകൻ | ട്രെയിനർ അധ്യാപകർ |

## മേഖല - യു.പി. - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | Leaning Ladder- പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകൻ | |
| | F.M. Corner - വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവസതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Reader of the Month - ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകൻ | |
| 3. തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |

## മേഖല - യു.പി. - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4. ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമികളിലുമായി പ്രദർശിപ്പിക്കുന്നു.<br>Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു.<br>Fun Time Funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവസതരിപ്പിക്കുവാൻ അവസരം നൽകുന്നു.<br>The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റു വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരനൻ അവസരം ഒരുക്കുന്നു. | ദിനാചരണങ്ങളിൽ<br>ഫെബ്രുവരി<br>എല്ലാ ഇംഗ്ലീഷ് പിരീഡും<br>വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ<br>ഇംഗ്ലീഷ് അധ്യാപകൻ<br>ഇംഗ്ലീഷ് അധ്യാപകൻ<br>ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

## മേഖല - യു.പി. - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | അഞ്ചാം ക്ലാസിനായി കഥ പറയൽ, കഥയെഴുത്ത് ആറിന് Role Play നാടകം എന്നിവ പ്രച്ഛന്നവേഷരായി ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ. ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി / ഫിലിം ഷോ | | | |

## മേഖല - യു.പി. - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | **അങ്കത്തട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക്** സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാകർ | |
| | **ഓർമ്മച്ചെപ്പ്** അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാകർ | |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | **Virtual Field Trip** ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാകർ | |
| 3. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്** ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാകർ | |

## മേഖല – യു.പി. – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം : നേർക്കാഴ്ച** ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമന സേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാകർ | പി.ടി.എ |
| 5.സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം** പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങളിൽ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായ കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാകർ | |

## മേഖല - യു.പി. - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6. വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെകേകുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം** സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടേയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാകർ | പി.ടി.എ |
| 7. സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)** പരിസ്ഥിതി ചർച്ചയ്ത്ത് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർതടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാകർ | സാമൂഹ്യ ശാസ്ത്ര ക്ലബ് |

# മേഖല – യു.പി. – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 8. സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തി | **പുതുചക്രവാളത്തിലേക്ക്** സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാകർ | |

## മേഖല – യു.പി. – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി – ജൈവവൈവിധ്യ പാർക്ക്** : ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവാവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ. |
| | **കണ്ടറിയാനൊരു യാത്ര**<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജസിറ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്ര അധ്യാകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി**<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്ര അധ്യാകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ | |

## മേഖല - യു.പി. - സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | **മാസ്റ്റർ മൈന്റ്**<br>ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്റ്റുകൾ തയ്യാറാക്കി റിപ്പോർട്ട് അവസരം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാകർ | |
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | പി.ടി.എ. സയൻസ് ക്ലബ്ബ് |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്, ശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | | |

## മേഖല – യു.പി. – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3. ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാകർ | |

## മേഖല - യു.പി. - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ് അഞ്ചാടിക്കുരു മുത്തുകൾ ഫ്ളാഷ് കാർഡ് .................. ഉപയോഗിക്കുന്നു) | ജൂൺ മാസം | ഗണിത അധ്യാകർ |
| 2. രസകരമായ ഗണിതശാസ്ത്ര പഠനവും കൃത്യത സൂക്ഷ്മത ശേഷികളുടെ വികാസവും | ജാമിതീയ പാറ്റേൺ നിർമ്മിതിയിലുള്ള ഗണിതശേഷികൾ കൈവരിക്കുന്നതിപനുള്ള പരിശീലനം നൽകൽ വിവധ ജാമിതീയ പാറ്റേണുകൾ നിർമ്മിക്കുന്നു. പ്രദർശനം സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാകർ |
| 3. ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാകരും ഗണിത ക്ലബിലെ അംഗങ്ങളും |
| 4. ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർധിപ്പിക്കൽ | ഗണിതത്തിൽ പ്രാവീണ്യമുള്ള അദ്യാപകരെ (മറ്റു വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാകർ |

## മേഖല - യു.പി. - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 5. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാദ്ധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ജ്യാമിതീയ രൂപങ്ങൾ ചതുഷ്ക്രിയകൾ ടാൻഗ്രാം ഇതുപോലിലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാകർ |
| 6. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി വേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും ആവശ്യമായ പ്രവർത്തനങ്ങളും നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാകരും സമർത്ഥരായ കുട്ടികളും |

# മാസ്റ്റർ പ്ലാൻ

## ആമുഖം

## അക്കാദമികമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

- വായനാ പ്രോത്സാഹനം എല്ലാ സ്റ്റാഫുകളുടേയും സഹായത്തോടെ മാസികൾ. ആനുകാലിക പ്രസിദ്ധീകരണങ്ങൾ വരുത്തുന്നു
- വായനാകുറിപ്പുകൾ കയ്യെഴുത്ത് മാസിക തയ്യാറാക്കൽ പ്രദർശിപ്പിക്കൽ.
- സർഗവേളകൾ സംഘടിപ്പിക്കൽ. പഠന- പാഠ്യേതര പ്രവർത്തനങ്ങൾ- മികവുകൾ- സമൂഹത്തിൽ എത്തിക്കൽ.(ദിനാചരണങ്ങൾ, സെമിനാർ, കവിയരങ്ങ് .........)
- സ്കൂൾ റേഡിയോ ക്ലബ് - കൃത്യനിഷ്ഠയോടെ പ്രവർത്തിക്കും.
- ഫെയിസ് ബുക്ക്, സ്കൂൾ വിക്കി എന്നിവയുടെ ഉപയോഗം, സമൂഹത്തെ അറിയിക്കൽ
- വിവിധ ക്ലബുകൾ വർഷാദ്യം തന്നെ രൂപാകരിക്കുന്നു
- ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ
- വായനകുറിപ്പുകൾ, കയ്യെഴുത്ത് മാസിക തയ്യാറാക്കൽ പ്രദർശിപ്പിക്കൽ
- സ്കൂൾ മാഗസീൻ തയ്യാറാക്കൽ (it)
- അവധിക്കാല വ്യക്തിത്വ വികസന ക്യാമ്പ്
- കരിയർ ഗൈഡൻസ് ക്ലാസുകൾ, പ്രദർശനങ്ങൾ.
- അഭിമുഖം, സംവാദങ്ങൾ
- അസംബ്ലികൾ (വിവിധ വിഷയങ്ങൾ)
- മികച്ച അവതരണങ്ങൾക്ക് സമ്മാനവിതരണം
- പൊതുവിജ്ഞാനം വർദ്ധിപ്പിക്കൽ വ്യക്തികളുടേയും, സാമൂഹികസന്നദ്ധസംഘടനകളുടെ സഹായം.

# വിഷയാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ

## സംസ്കൃതം

### പ്രതീക്ഷിത നേട്ടങ്ങൾ

- സംസ്കൃതപഠനത്തിന് താത്പര്യം ജനിപ്പിക്കും.
- സംസ്കൃത അക്ഷരപഠനം
- അക്ഷരസ്പുടതയോടെ സംസ്കൃത പദങ്ങൾ വായിക്കുവാനുള്ള കഴിവ് നേടും.
- സുഭാഷിതങ്ങൾ ആലപിക്കാനുള്ള കഴിവ് നേടും.
- വാക്യങ്ങൾ എഴുതുവാനുള്ള ശേഷി നേടും.
- സംസ്കൃതത്തിൽ സംസാരിക്കുവാനുള്ള ശേഷി നേടും.
- കഥ, കവിത എന്നിവ എഴുതാനും പാടാനും ഉള്ള കഴിവുനേടും.
- ഭാഷാലാബ് നിർമ്മാണം
- ഹ്രസ്വചിത്രങ്ങൾ നിർമ്മിക്കാൻ ശേഷികൂട്ടുന്നു.

| ക്രമസംഖ്യ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | കേൾവി | സംസ്കൃത കളരി സംസ്കൃത ലഘു ഗാനങ്ങൾ കേൾപ്പിക്കുന്നു. അക്ഷര ഗാനം, സംഖ്യാ ഗാനം, സുഭാഷിതങ്ങൾ...) | ഒരു മാസം | സംസ്കൃതം അധ്യാപകർ | | |

| ക്രമസംഖ്യ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
| --- | --- | --- | --- | --- | --- | --- |
| | | കൂടെ പാടിക്കുന്നു അക്ഷരശ്ലോക സദസ് ICT സാധ്യത പരമാവതി പ്രയോഗിച്ച് പരമാവധി കേൾവിക്കുള്ള അവസരം ഒരുക്കുന്നു. | | | | |
| 2 | എഴുത്ത് | എഴുത്ത് രീതി പരിചയപ്പെടുത്തുന്നു അക്ഷരങ്ങളുടെ പുറത്തുകൂടി വീണ്ടും വീണ്ടും എഴുതി പഠിപ്പിക്കുന്നു. കുത്തുകളുപയോഗിച്ച് അക്ഷരങ്ങളുടെ എഴുത്തും വായനയും നടത്തുന്നു.<br>ഗ്രൂപ്പുകളിൽ വർണ്ണമാലാ ചാർട്ട് നിർമ്മാണം നടത്തുന്നു. ശബ്ദകോശം ചിത്രപദകോശം<br>സംഖ്യാകോശം<br>വാക്യരചന സംഭാഷനരചന പ്രശ്നപാചകപദങ്ങൾ എഴുതുന്നു. | ഒരു മാസം<br><br>ഒരു വർഷം | സംസ്കൃതം അധ്യാപകർ | | |
| 3 | വായന | ഭാഷാലാബ് നിർമ്മാണം പുസ്തക പരിചായനം കഥാകഥനം | ഒരു വർഷം | അധ്യാപകരും കുട്ടികളും | | |

| ക്രമസംഖ്യ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
| --- | --- | --- | --- | --- | --- | --- |
| 4 | അവത രണം | സംഭാഷണം, നാടകാഭിനയം | ഒരു മാസം | | | |
| 5 | ചിത്രീക രണം | വിവിധ ഡോക്ക്യൂമെന്ററികൾ നിർമ്മിക്കൽ | ഒരു വർഷം | സംസ്കൃതം അധ്യാപകർ | | |

## മേഖല - യു.പി. - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവദിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാകർ | |
| | **ഭാഷാ കേളി**<br>അക്ഷരങ്ങളും പദങ്ങലും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്**<br>അക്ഷരങ്ങലും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടേയും വാക്യങ്ങളുടേയും നിർമ്മാണം | എല്ലാ ദിവസവും | മലയാളം അധ്യാകർ | |
| 2. പഠിതാവിൽ അർത്ഥപൂർണമായ വായന ഉറപ്പു വരുത്തുക | **വാർത്താലോകത്തേക്ക്**<br>പത്രം, ആഴ്ച്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം ക്ലബ് | |

# മേഖല – യു.പി. – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തെരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | | |
| 3. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | പി.ടി.എ. സ്കൂൾ | പി.ടി.എ. |
| 4.മലയാളം ടൈപ്പിംഗ് പഠിക്കലും അതിലുള്ള സർഗ്ഗാത്മകശേഷി വളർത്തലും | **ഇ – കമ്പ്യൂട്ടറിംഗ്**<br>മുഴുവൻ കുട്ടികളെയും മലയാളം ടൈപ്പിംഗ് പരിശീലിപ്പിക്കുകയും, ഇ മാഗസിൻ പ്രസിദ്ധീകരിക്കുന്നു. സ്കൂൾ മാഗസീൻ തയ്യാറാക്കുന്നു. | ഒരു വർഷം | മലയാളം ഐ.ടി. അധ്യാപകർ | പി.ടി.എ. |

# ENGLISH HS

| Month | Activity | H S Charge |
| --- | --- | --- |
| June | English corner - Story time, English Assembly | English Teacher |
| July | English Day Celebration Cinema & Documentary | |
| August | Speech Competition, Recitation, News Reading | |
| September | English Assembly, Puppet Show | |
| October | Book Reviews, English Magazines | |
| November | Seminar paper presentation | |
| December | Debates | |
| January | Vedio conference with native speakers | |
| February | Skit | |
| March | Evaluation | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

## ഭാഷാവികാസം

## <u>ലക്ഷ്യങ്ങൾ</u>

1. അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക
2. കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.
3. ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും, സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.
4. എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക
5. സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക
7. Language Lab

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

| ക്രമ സംഖ്യ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷരകാർഡ് വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം<br>• ഓൺലൈൻ അക്ഷരമാല കളികൾ<br>• വാക്കുകൾ എഴുതിയ കാർഡുകൾ<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം<br>• (H S വിഭാഗത്തിലെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളിൽ PRE TEAST നടത്തി, മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കുക) | ജൂൺ മുതൽ ആഗസ്റ്റ് വരെ | അക്ഷര ചാർട്ട് പാഠപുസ്തകം | BRC, DIET, SCERT (ആവശ്യമെങ്കിൽ) റിസോഴ്സ് ടീച്ചേഴ്സ് |
| 2 | വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക) | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ<br>• പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>• CWSN കുട്ടികളുടെ പങ്കാളിത്തം | സെപ്തംബർ മുതൽ ഒക്ടോബർ വരെ | ഹിന്ദി നിഘണ്ടു | PTA, BRC റിസോഴ്സ് ടീച്ചേഴ്സ് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

| ക്രമ സംഖ്യ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 3 | ആശയങ്ങൾ തെറ്റു കൂടാതെ പ്രകചിപ്പിക്കാനും സർഗാത്മക രചനകൾ അവസരം (സുരിലി ഹിന്ദി) | • ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്തംബർ 14, ജനുവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം - അടിക്കുറുപ്പ്<br>• ചിത്രം- കഥ പറയൽ<br>• ചിത്രം - കഥ എഴുതൽ<br>• വായനമൂല<br>• ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ | നവംബർ മുതൽ ഫെബ്രുവരി വരെ | പുസ്തകങ്ങൾ | BRC, DIET, PTA SCERT |

## മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **1. അത്ഭുത കണ്ണിലൂടെ:** കൗതുകം, ജിഞ്ജാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ. |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| **2. ശാസ്ത്ര ലോകത്തേക്ക്** : നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവസരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ. |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര ശിൽപശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |

## മേഖല - ഹൈസ്കൂൾ - സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **3.ഹൈടെക് വേൾഡ്** : മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രിഢീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ. മാനേജ്മെന്റ് |
| | സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ. മാനേജ്മെന്റ് |
| **4. ആയുർരേഖ** : പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ. മാനേജ്മെന്റ് |
| | തണൽ വൃക്ഷണങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ. | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ് ഹരിത സേന സീഡ് | കൃഷി വകുപ്പ്, ഹരിതസേന സീഡ് |
| | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| **5. വൈജ്ഞാനിക ബഹിർസ്ഫുരണം** : അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചപ്പെടുത്തുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | സംസ്ഥാന ദേശീയ സലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം 1 തവണ | സയൻസ് ക്ലബ്ബ് | മാനേജ്മെന്റ് |

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | **സ്റ്റാർട്ട് അപ്പ്** : സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ. മാനേജ്മെന്റ് |
| 2. മതേത്രത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക, സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുത്തുക | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ** : സർവ്വേ, പ്രോജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 3. ഭൂപട വായന, കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | **പട്ടുപാതയിലൂടെ** : ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാന് സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല - ഹൈസ്കൂൾ - സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 4. കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | **മൈ സിനിമ റൂം** : സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രോജക്ട് റൂം മുതലായ സിനിമ (ചരിത്ര സിനിമാ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ. മാനേജ്മെന്റ് |
| 5. വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം** : വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ ഇവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

# മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6. പഠിതാക്കളെ ചരിത്രാനബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | **കാടും മേടും** : ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br><br>**വയൽ കിളികൾ** : സാമൂഹ്യ ശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു നിശ്ചയിച്ച തിയ്യതികളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഒന്നായി നമ്മൾ** : സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |

## അക്കാദമിക മാസ്റ്റർ പ്ലാൻ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ഗണിത താൽപര്യം വളർത്തിയെടുക്കൽ | ഗണിത ശാസ്ത്രത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിവിധ കളികളിലൂടെ ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു.<br>വർക്ക് ഷീറ്റുകൾ, പാമ്പും കോണിയും, ലൂഡോ, തുടങ്ങിയ കളികൾ പസിലുകൾ മുതലായവ | ജൂൺ | ഗണിതാധ്യാപകർ | 2000 |
| ജ്യമതീയ ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പരിശീലനം | മുതിർന്ന ക്ലാസുകളിലെ കുട്ടികളുടെ സഹായത്തോടെ ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പഠിപ്പിക്കുന്നു. | ജൂലൈ | ഗണിതാധ്യാപകർ മുതിൽന്ന ക്ലാസ്സുകളിലെ കുട്ടികൾ | 500 |
| ഗണിതാഭിരുചി വളർത്തൽ | ക്ലബ്ബ് രൂപീകരണം, ഗണിത ലാബ്, നവീകരണം, ഗണിതകിസ്, ഗണിതമൂല ഒരുക്കൽ. | ഓഗസ്റ്റ് | ഗണിതാധ്യാപകർ | 2000 |
| ഗണിതനൈപുണ്യം വളർത്തൽ | കുട്ടി ടീച്ചർ മത്സരം, കുസൃതി കണക്കുകൾ ശേഖരിക്കൽ, ഗണിതമാഗസിൻ നിർമ്മിക്കൽ, ഗണിത ശിൽപശാല സംഘടിപ്പിക്കൽ | സെപ്തംബർ | ഗണിതാധ്യാപകർ, കുട്ടികൾ | 2000 |
| പഠന നേട്ടം ഉറപ്പിക്കുന്നതിനുള്ള കൂടുതൽ പ്രവർത്തനങ്ങൾ | വിവിധ നിലവാരത്തിലുള്ള കുട്ടികൾക്കായി ഓരോ യൂണിറ്റിൽ നിന്നും വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. | ഒക്ടോബർ | ഗണിതാധ്യാപകർ | 5000 |

## മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജിയോജിബ്ര ഐസിടി സാധ്യതകളുടെ ഉപയോഗം | വിവിധ ജ്യാമിതീയ ഉപകരണങ്ങളുടെ അളവുകൾ, കോണുകൾ, പ്രത്യേകതകൾ, തുടങ്ങിയ ഐസിടിയുടെ സഹായത്തോടെ കുട്ടികളിലേക്ക് എത്തിക്കുന്നു. | നവംബർ | ഗണിതാധ്യാപകർ | 5000 |
| ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നു. | പണവിനിമയം, ശാസ്ത്ര വിഷയങ്ങളിൽ ഗണിതത്തിന്റെ സംഭാവനകൾ, ഗണിതാശയങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായ മേഖലയിലെ കമ്പനിയിലേക്ക് ഒരുഫീൽഡ് ട്രിപ്പ് | ഡിസംബർ | ഗണിതാധ്യാപകർ | 5000 |
| ഗണിതാശയവുമായി ബന്ധപ്പെട്ട സൃഷ്ടികളുടെ നിർമ്മാണം | നിർമ്മിച്ച സൃഷ്ടികൾ എല്ലാ കുട്ടികൾക്കും കാണുന്നതിനും വിശകലനം ചെയ്യുന്നതിനും അവസരം നൽകുന്നു. | ജനുവരി | ഗണിതാധ്യാപകർ, ഗണിത ക്ലബ്ബ് | 1000 |
| ഗണിത ചോദ്യാവലി<br><br>വാർഷിക പരീക്ഷക്കായി കുട്ടികളെ ഒരുക്കുന്നു. | ഓരോ യൂണിറ്റിന്റേയും അവസാനം കുട്ടികൾ ചോദ്യങ്ങൾ തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ പാഠഭാഗങ്ങളും റിവിഷൻ നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ<br>മാർച്ച് | ഗണിതാധ്യാപകർ, കുട്ടികൾ<br>ഗണിതാധ്യാപകർ | —<br><br>— |

## ഉപസംഹാരം

വിദ്യാർത്ഥികളുടെ സർവ്വതോൻമുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലകഷ്യമാക്കുന്നത്. ഗുണമേൻമയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്, ഈ ബോധ്യം ഉൾക്കൊണ്ട് അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയ പ്രവർത്തനങ്ങൾ മാതൃകാപരമായ രീതിയിൽ നടപ്പാക്കാൻ അധ്യാപകർ, അനധ്യാപകർ, പി.റ്റി.എ. തുടങ്ങി എല്ലാവരുടേയും കൂട്ടായ പ്രവർത്തനത്താൽ ഈ വർഷം ലക്ഷ്യം വച്ച എല്ലാ പ്രവർത്തനങ്ങളും പ്രാവർത്തികമാക്കി സമൂഹത്തിന്റെ ഈ വിദ്യാലയത്തോട് ഇപ്പോൾ നിലനിൽക്കുന്ന വിശ്വാസം നിലനിർത്തും.